**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **12-10-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനുവേണ്ടി വർക്കല ആയുർവേദ ആശുപത്രിയിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിക്കുന്ന 60 KWp സൗരോർജ്ജ പ്ലാന്റിന്റെ ഇൻസ്റ്റലേഷൻ വർക്കുകൾ അവസാന ഘട്ടത്തിലാണ്. വർക്കല നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന 3 സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ഇതിനുള്ള തുക അതാത് സ്ഥാപനങ്ങൾ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്താണ് പ്ലാന്റുകൾ സ്ഥാപിച്ചത്. 1. വർക്കല ബ്ലോക്ക് പഞ്ചായത്ത് - പ്ലാന്റിന്റെ ശേഷി 5 കിലോവാട്ട് (ബാറ്ററി ശേഖരണ സംവിധാനമുള്ള ഓഫ് ഗ്രിഡ് പ്ലാൻറ്) 2. മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ - പ്ലാന്റിന്റെ ശേഷി 10 കിലോവാട്ട് (ഗ്രിഡ് കണക്റ്റ്)) 3. സർക്കാർ എൽ. പി. ഗേൾസ് സ്കൂൾ, വർക്കല - പ്ലാന്റിന്റെ ശേഷി 5 കിലോവാട്ട് (ഗ്രിഡ് കണക്റ്റ്) –SSK ഫണ്ട് (വിദ്യാഭ്യാസ വകുപ്പ്) ഹരിപുരം സർക്കാർ എൽ.പി. സ്കൂളിൽ 3 കിലോവാട്ട് ശേഷിയുള്ള പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുക വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള SSK ഫണ്ടിൽ നിന്ന് അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | വർക്കല മണ്ഡലത്തിലെ വൈദ്യുത ഉപഭോഗം കൂടിയ സർക്കാർ ആശുപത്രികളിലും മറ്റ് സർക്കാർ ഓഫീസുകളിലും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കെ.എസ്.ഇ.ബി.എൽ. പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി ഡെപ്പോസിറ്റ് വർക്കിനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നുണ്ട്. ഇപ്രകാരം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ താത്പര്യമുള്ള സർക്കാർ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി-യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതുമാണ്. സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണ് അനെർട്ടിനുള്ളത്. കൂടാതെ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ